**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **29-08-2022 - ൽ മറുപടിയ്ക്ക്**

**പാലിലെ മായം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും വിതരണത്തിനായി കൊണ്ടു വരുന്ന പാലിൽ കൊഴുപ്പ്, രുചി എന്നിവ കൂട്ടുന്നതിനായി ആന്റിബയോട്ടിക്കുകളും രാസപദാർത്ഥങ്ങളും ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; കൂടുതൽ ചെക്കുപോസ്റ്റുകൾ സ്ഥാപിച്ചും പരിശോധനകൾ കർശനമാക്കിയും പാലിൽ മായം കലർത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും വിതരണത്തിനായി കൊണ്ടു വരുന്ന പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനായി സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷ ദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്.<br><br>സംസ്ഥാനത്ത് കൂടുതൽ ചെക്കുപോസ്റ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടാകുന്ന പക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ക്ഷീര വികസനവകുപ്പിന്റെ പരിശോധനകൾക്ക് ശേഷം ഡയറിയിലെത്തിക്കുന്ന പാലിന്റെ ഗുണനിലവാരം വീണ്ടും പരിശോധിച്ച് ഉറപ്പു വരുത്തിയതിനു ശേഷം മാത്രമാണ് മിൽമ വിതരണം നടത്താറുള്ളത്. |

സെക്ഷൻ ഓഫീസർ